# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 769 30.01.2019-ൽ മറുപടിക്ക്

## വയനാട് ജില്ലയിൽ ആദിവാസി കുടുംബങ്ങൾക്ക് ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി. കെ. ശശീന്ദ്രൻ :** | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | വയനാട് ജില്ലയിൽ ഭൂരഹിതരായ എത്ര ആദിവാസി കുടുംബങ്ങൾ ഉണ്ട്; മണ്ഡലാടിസ്ഥാനത്തിലുള്ള കണക്കുകൾ നൽകാമോ; | എ) | 2013-ൽ പുനരധിവാസ മിഷൻ തയ്യാറാക്കിയ കണക്ക പ്രകാരം വൈത്തിരി താലൂക്കിൽ 2189 കുടുംബങ്ങളും, മാനന്തവാടി മണ്ഡലത്തിൽ 2418 കുടുംബങ്ങളും, സുൽത്താൻബത്തേരി മണ്ഡലത്തിൽ 3664 കുടുംബങ്ങളുമായി ആകെ 8271 പട്ടികവർഗ്ഗ കുടുംബങ്ങൾ ഭൂരഹിതരാണ്. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കല്പറ്റ മണ്ഡലത്തിൽ എത്ര ആദിവാസി കുടുംബങ്ങൾക്ക്, എത്ര ഏക്കർ ഭൂമി ആകെ നൽകിയിട്ടുണ്ട്; | ബി) യും സി) യും | വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന കോളനികളിലെ കുടുംബങ്ങളെ മാറ്റിപാർപ്പിക്കുന്നതിനായി വൈത്തിരി താലൂക്കിൽ 2.8488 ഹെക്ടർ ഭൂമി ഏറ്റെടുത്തു വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് വരുന്നു. ലാന്റ് ബാങ്ക് പദ്ധതി പ്രകാരം കൽപ്പറ്റ നിയോജക മണ്ഡലത്തിൽ ലഭിച്ച 12 അപേക്ഷകളിൽ അനുയോജ്യമായി കണ്ടെത്തിയ 2 അപേക്ഷകളിൽ 3.371 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്.<br><br>മാനന്തവാടി മണ്ഡലത്തിൽ ലാന്റ് ബാങ്ക് പദ്ധതിയിൽ ലഭിച്ച അപേക്ഷയിൽ പഞ്ചായത്തുതല കമ്മിറ്റി പരിശോധനയിൽ 88.77 ഏക്കർ ഭൂമി പുനരധിവാസത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ജില്ലാതല പരിശോധന നടന്നു വരുന്നതേയുള്ളൂ. ആയത് പൂർത്തിയായാൽ മാത്രമേ അന്തിമ കണക്ക് ലഭ്യമാകുകയുള്ളൂ.<br><br>സുൽത്താൻബത്തേരി മണ്ഡലത്തിൽ 34 ഏക്കർ ഭൂമി നിലവിൽ കണ്ടെത്തിയിട്ടുണ്ട്. |
| സി) | വയനാട് ജില്ലയിൽ ആദിവാസികൾക്ക് നൽകുന്നതിനായി, പുതുതായി എത്ര ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്; മണ്ഡലാടിസ്ഥാനത്തിലുള്ള കണക്കുകൾ നൽകാമോ? | | |

**സെക്ഷൻ ഓഫീസർ**